വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 13.29 കോടി രൂപ ചെലവുവരുന്ന ലാന്റ് അക്വിസിഷന്റെ എസ്റ്റിമേറ്റ് മൂന്ന് റീച്ചുകളുടേത് അനുമതിക്കായി 23-7-1999-ൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. അവരുടെ അംഗീകാരം കിട്ടിയതിനുശേഷമേ നമുക്ക് അക്വിസിഷൻ നടപടിയുമായി മമ്പോട്ടുപോകുവാൻ കഴിയൂ. ഇത് എൻ.എച്ച് 17-ന്റെ കാര്യം. എൻ.എച്ച് 49 തൃപ്പൂണിത്തുറ - കണ്ടന്തർ ഭാഗത്തിന്റെ റോഡ് അലൈൻമെന്റിനുവേണ്ടി സ്ഥലം അക്വയർ ചെയ്ത് സർവ്വേ വർക്കുകൾ നടന്നുകൊണ്ടിരുന്നപ്പോൾ സ്ഥലവാസികളുടെ പരാതിയിന്മേൽ കോടതി ഉത്തരവിനെ തുടർന്ന് സർവ്വേ വർക്ക് നിർത്തിവച്ചു. മേൽപറഞ്ഞ കാരണത്താൽ റോഡ് നിർമ്മാണത്തിനുവേണ്ട സ്ഥലമെടുപ്പ് പുരോഗതിക്ക് തടസ്സം സംഭവിച്ചു. കോടതി ഉത്തരവ് പ്രകാരം പരാതിയിന്മേൽ തീർപ്പാക്കുന്നതിനു ഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെടുകയും ആ വകുപ്പ് അത് തള്ളികൊണ്ട് തീരുമാനം എടുത്തു. കാലതാമസം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ലാന്റ് അക്വിസിഷനിൽ കുറച്ചു കൂടെ വേഗത വരുത്തണം എന്ന കാര്യം പരിഗണിക്കാം.

(9) എൽ. പി. യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം നിർത്താലാക്കുകയും ചെയ്യണമെന്ന ആവശ്യം

ശ്രീ. പാലോട് രവി : സർ, ഗവൺമെന്റ് സ്കൂളുകൾ ഇല്ലാതാക്കുന്നതിൽ വലിയൊരു പങ്കാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സ്വീകരിക്കുന്നത്. അതു പറയാതിരിക്കാൻ നിർവ്വാഹമില്ല.കേരളത്തിന്റെ മൊത്തം കണക്കു ഞാൻ പറയുന്നില്ല. കേരളത്തിൽ 171 എൽ. പി. സ്കൂളിലും 53 യു.പി. സ്കൂളിലുമാണ് ഷിഫ്റ്റ് സമ്പ്രദായം നില നിൽക്കുന്നത്. അങ്ങേയ്ക്ക് ഓർമ്മയുണ്ടോ; മൂന്നരവർഷങ്ങൾക്കു മുൻപ് വേങ്കോടുമുക്ക് സ്കൂളിന്റെ മൂന്നു നിലകെട്ടിടം ഉത്ഘാടനം ചെയ്യാൻ വന്നിട്ട് അങ്ങ് അവിടെ വച്ച് ഉറപ്പു നൽകിയത്, എൽ.പി. സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുമെന്നാണ്. വർഷം നാലാകാൻ പോകുന്നു - ഇതുവരെ അവിടത്തെ സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം നിർത്തിലാക്കിയിട്ടില്ല. ഗവൺമെന്റ് സ്കൂളുകൾ നിലനിൽക്കണമെങ്കിൽ, ഗവൺമെന്റ് സ്ക്കൂളുകൾ പൂട്ടാതിരിക്കണമെങ്കിൽ അത്യാവശ്യമായി ഷിഫ്റ്റ് സമ്പ്രദായം ഈ വരുന്ന അധ്യായനവർഷം മുതൽ അക്കോമഡേഷനുള്ള, സൗകര്യമുള്ള ഗവൺമെന്റ് സ്കൂളുകളിൽ ഷീഫ്റ്റ് സമ്പ്രദായം നിർത്തിയേ മതിയാകൂ. ഗവൺമെന്റ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തില്ലെങ്കിൽ അവ പൂട്ടിപ്പോകും. ഇതിനടുത്തെല്ലാം കൂണുകൾ പോലെ സ്ക്കൂളുകൾ വരികയാണ്. ഗവൺമെന്റ് സ്കൂളുകളിലുള്ള ഷിഫ്റ്റ് സമ്പ്രദായം എടുത്തുകളഞ്ഞില്ലെങ്കിൽ ഗവൺമെന്റ് സ്കൂളുകൾ പൂട്ടും. തിരുവനന്തപുരം ജില്ലയിൽ തന്നെ കുഴിവിള, നെടുമങ്ങാട്, കുറ്റ്യാനി, എൽ.പി.എസ്. മൂല്ലൂർ, അണ്ടൂർക്കോണം ഗവൺമെന്റ് എൽ.പി.സ്കൂൾ, കാട്ടാക്കട നക്രാഞ്ചിറ എൽ.പി. സ്കൂൾ യു.പി. സ്കൂളുകളായും, പേരയം, കോലിയക്കോട്, പ്ലാവട്ടി, പനവൂർ, മരുതാമല, പുരവിമല, മച്ചേൽ, മൈലം, ഊരുട്ടംപലം, വേങ്കോട് മുക്ക് തുടങ്ങിയ സ്കൂളുകൾ ഹൈസ്ക്കൂളുകളായും അപ്ഗ്രേഡ് ചെയ്യുന്നതിന് 1996 മുതൽ ഉള്ള ഏരിയ ലിസ്റ്റ് ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നിലിരിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ വരുന്ന അധ്യയനവർഷം മുതൽ എല്ലാ സൗകര്യങ്ങളുമുള്ള ഗവൺമെന്റ് സ്ക്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുകയും അതോടൊപ്പം ഗവൺമെന്റ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ ഗവൺമെന്റ് സ്ക്കൂളുകൾ പൂട്ടുന്നതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണെന്നു വരും. അതുകൊണ്ട് നിർബന്ധപൂർവ്വം ഇതിനനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഷിഫ്റ്റ് സമ്പ്രദായം കുറേക്കാലമായി നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് വന്ന ശേഷമുള്ള ഒരു സ്ഥിതി വിശേഷമല്ല. സ്ഥല സൗകര്യമുള്ള സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്നുള്ള നിർദ്ദേശമാണ് പ്രധാനമായും വന്നിരിക്കുന്നത്. അതു വളരെ ഗൗരവമായി ഈ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ : സ്ഥല സൗകര്യമുണ്ടെങ്കിൽ പിന്നെയുള്ള തടസ്സമെന്താണ് ?

ശ്രീ. പി. ജെ. ജോസഫ് : അതിനു പോസ്റ്റ് സൃഷ്ടിക്കേണ്ടതായി വരും. അല്ലാത്തതിന് ഒരു പ്രശ്നവുമില്ല. ഏതായാലും ഈ കാര്യം പ്രത്യേകമായി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായി സംസാരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം എനിക്കും ധനകാര്യ മന്ത്രിക്കും ഗവൺമെന്റ് സ്ക്കൂളുകളോടുള്ള സമീപനത്തെക്കുറിച്ച് നടത്തിയ പരാമർശത്തിന് മറുപടി പറയാതിരിക്കാൻ നിവൃത്തിയില്ല. ഗവൺമെന്റ് സ്ക്കൂളുകൾക്ക് നിലവിലുള്ള അംഗീകൃത സ്ക്കൂളുകൾക്കും ഭീഷണിയായി കൂണുകൾ പോലെ ഈ സംസ്ഥാനത്ത് അനധികൃത സ്ക്കൂളുകൾ നടക്കുകയായിരുന്നു. ആ അനധികൃത സ്ക്കൂളുകൾ എത്രയാണ് ? രണ്ടായിരത്തിൽപ്പരം സ്ക്കൂളുകൾ വരും. അവരുടെ ഒരു പ്രകടനം ഉണ്ടായിരുന്നു. ശ്രീ. ഉമ്മൻചാണ്ടിയാണ് അത് ഉദ്ഘാടനം ചെയ്തത്. അതിൽ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. അനധികൃതമായി നടത്തുന്ന ഇത്തരം സ്ക്കൂളുകളിൽ ഇനി പരീക്ഷ നടത്താൻ അനുവദിക്കുകയില്ല എന്നാണ്. പ്രൈവറ്റ് സ്റ്റഡിയുടെ പേരിലാണ്. അവർ മറ്റേതെങ്കിലും സ്ക്കൂളിലേയ്ക്ക് വന്നാൽ കൊടുക്കാമെന്നു പറഞ്ഞു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് അവർക്കനുകൂലമായി തീരുമാനമെടുക്കാത്തതുകൊണ്ട് അവർ ഡിവിഷൻ ബെഞ്ചിൽ പോയി. ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവുണ്ടായിട്ടുണ്ട്. ഒരു സ്ക്കൂളിലും ഇനി പരീക്ഷ എഴുതാൻ അനുവദിക്കേണ്ട, അംഗീകാരം കൊടുക്കേണ്ട എന്നതാണ്. വർഷങ്ങളായി നിലനിന്ന ഇക്കാര്യത്തിൽ ഗവൺമെന്റ് ഇത്തരമൊരു ശക്തമായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് അങ്ങനെയൊരു ഉത്തരവ് ഇപ്പോഴുണ്ടായിരിക്കുന്നത്. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ കുട്ടികളെ കൊണ്ടു ചേർക്കുന്ന രീതി അവസാനിപ്പിക്കാൻ കർശനമായ നിലപാട് സ്വീകരിച്ചു. അതുകൊണ്ട് അടുത്ത വർഷം ഗവൺമെന്റ് സ്ക്കൂളുകളിൽ എൻറോൾമെന്റ് കൂടും. പിന്നെ പുതിയ സ്ക്കൂളുകളുടെ കാര്യമെന്നു പറയുന്നത് നയപരമായൊരു തീരുമാനമാണ്. അപഗ്രേഡ് ചെയ്യുന്ന എന്നു പറയുന്നത് പുതിയ സ്ക്കൂളാണ്. എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളാക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ സ്ക്കൂളാണ്. അതിന് ഏരിയാ നോട്ടിഫിക്കേഷൻ വേണം. യു.പി.സ്ക്കൂൾ ഹൈസ്ക്കൂൾ ആക്കുന്നതും പുതിയ സ്ക്കൂളാണ്. ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് പ്ലസ് ടു സ്ക്കൂളുകളുടെ കാര്യം പരിപൂർണ്ണമായി തീർത്ത ശേഷം പുതിയ സക്കൂളുകൾ അനുവദിച്ചാൽ മതിയെന്നാണ് പറയുന്നത്.

(10) എൽ.പി. - യു. പി. സ്കൂൾ അസിസ്റ്റന്റ് നിയമനത്തിന് യോഗ്യരായ പി. എസ്. സി. റാങ്ക് ഹോൾഡർമാർ നേരിടുന്ന പ്രശ്നങ്ങൾ.

ശ്രീ. എൻ. അനിരുദ്ധൻ : സർ, കൊല്ലം ജില്ലയിൽ എൽ.പി. - യു. പി. സ്കൂൾ അസിസ്റ്റന്റുമാരായി നിയമിക്കുന്നത് പി.എസ്.സി തെരഞ്ഞെടുത്ത റാങ്ക് ലിസ്റ്റിൽപ്പെട്ട നിയമനം ലഭിക്കാതെ വന്നിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ദുഃസ്ഥിതിയെക്കുറിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിൽ വന്നശേഷം പ്രൈമറി സ്കൂൾ അധ്യാപക നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുണ്ടായിരുന്നു. ആ കേസ് നിലനിന്നതുമൂലം ഏകദേശം ഒരു വർഷത്തോളം ആ ലിസ്റ്റിൽ നിന്ന് നിയമനം നടന്നില്ല. സ്ക്കൂൾ അധ്യയനവർഷം അവസാനിക്കുന്ന ഈ സമയമായതു കൊണ്ട് ഇപ്പോൾ നിയമനം നടത്താറുമില്ല. അങ്ങനെ വരുമ്പോൾ ഈ മാസം റാങ്ക്ലിസ്റ്റിന്റെ കാലാവധി തീരുന്ന, ആ ഉദ്യോഗാർത്ഥികൾക്ക് യാതൊരു കാരണവശാലും ഇനി നിയമനം ലഭിക്കുമെന്നുള്ള പ്രതീക്ഷയുമില്ല. യഥാർത്ഥത്തിൽ അവരുടേതല്ലാത്ത കുറ്റം കൊണ്ട് കാലം നീണ്ടുപോയതിന് അവരെ ശിക്ഷിക്കുന്നതു ശരിയല്ല. പി.എസ്.സി നിയമനത്തിനുവേണ്ടി സെലക്ട് ചെയ്തിട്ടുള്ളവരുടെ ലിസ്റ്റിന്റെ കാലാവധി കുറഞ്ഞപക്ഷം അടുത്ത ആഗസ്റ്റ് വരെയെങ്കിലും നീട്ടിക്കിട്ടുന്നതിനു ഗവൺമെന്റ് ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ സർക്കുലർ പ്രകാരം ക്രീമിലെയർ പ്രശ്നത്തിൽ നിയമന നിരോധനം നിലവിലുണ്ടായിരുന്ന കാലഘട്ടത്തിലുണ്ടായ എല്ലാ ഒഴിവുകളും 24-3-2000-ത്തിന് മുൻപ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സബ്മിഷനിലുന്നയിച്ചിട്ടുള്ള ആവശ്യം കൊല്ലം ജില്ലയിലെ എ.പി.-യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി 24-3-2000-ത്തിൽ തീരുന്നത് 2000 ജൂലൈ 30 വരെ ദീർഘിപ്പിക്കുകയോ അല്ലെങ്കിൽ 2000 മാർച്ച്-ഏപ്രിൽ മാസങ്ങളിലുണ്ടാകുന്ന പെൻഷൻ ഒഴിവുകൾ കൂടി കണക്കിലെടുത്ത് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയോ ചെയ്യണമെന്നുള്ളതാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനോ 2000 മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നതിനോ നിർദ്ദേശം നൽകുന്നതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്. അതിനാൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് മാത്രം ഒരു തീരുമാനം ഈ കാര്യത്തിൽ എടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഈ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടത് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കരണ വകുപ്പാണ്. അതിനാൽ ഫയൽ അടിയന്തിര നടപടികൾക്കായി പ്രസ്തുത വകുപ്പിന് കൈമാറുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly